**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **339** 28.01.2019 -ൽ മറുപടിക്ക്.

# റേഷൻ കാർഡിലെ തെറ്റ് തിരുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ബി.പി.എൽ റേഷൻകാർഡ് ഉണ്ടായിട്ടും സോഫ്റ്റ്‌വെയറിൽ എ.പി.എൽ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് മൂലം ബി.പി.എൽ റേഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത നിരവധി ആളുകൾ ഉണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും | മുൻഗണനാ പട്ടിക ശുദ്ധീകരണത്തിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുമ്പോൾ കീ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുമ്പോൾ മാത്രമേ ഇപ്രകാരം ഉൾപ്പെട്ടവർക്ക് മുൻഗണനാ കാർഡ് പ്രകാരമുള്ള റേഷൻ സാധനങ്ങൾ ലഭ്യമാകുകയുള്ളൂ. കീ രജിസ്റ്റർ അപ്ഡേഷൻ മാസത്തിൽ ഒരിക്കൽ മാത്രമേ നടക്കുകയുള്ളൂ. ആയതിനാലാണ് ചില മുൻഗണനാ കാർഡുകൾ എ.പി.എൽ (എൻ.പി.എസ് / എൻ.പി.എൻ.എസ്) എന്ന് ഇ-പോസ് മെഷീനിൽ കാണിക്കുന്നത്. സ്റ്റാറ്റസ് മാറ്റുന്ന മാസത്തിൽ കീ രജിസ്റ്ററിൽ ഡാറ്റ അപ്ഡേറ്റ് ചെയ്യുന്നതു വരെ മാത്രമാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. ഇത്തരത്തിലുള്ള വളരെക്കുറച്ച് പരാതികൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. ആയവ പരിഹരിക്കുന്നതിന് ഉടൻ നിർദ്ദേശം നൽകാറുണ്ട്. |
| (ബി) ഇത്തരത്തിൽ എത്ര ആളുകളുടെ വിവരങ്ങളാണ് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് എന്നുള്ള വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; | (ബി) യും | |
| (സി) ഈ വിഷയം പരിഹരിച്ചു നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ ? | (സി) യും | |

*സെക്ഷൻ ഓഫീസർ*